Talented Bankers Literary Panel
പുസ്തക പരിചയം 97

പരിചയപ്പെടുത്തുന്നത്,
കെ ജി ഉണ്ണികൃഷ്ണൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുമ്പള ശാഖ.

**Let's Talk Money,**
**Monika Halan**

Mint Business Daily യുടെ കൺസൾട്ടിങ് എഡിറ്റർ ആയ മോണിക്ക ഹെലന്റെ ആദ്യ സംരംഭമാണ് 2018 പ്രസിദ്ധീകരിച്ച Let's Talk Money എന്ന ഈ പുസ്തകം . ഈ പുസ്തകത്തിന്റെ പുറംചട്ടയിൽ തന്നെ പണത്തെക്കുറിച്ച് you have worked hard for it, now make it work for you എന്ന് പറഞ്ഞിരിക്കുന്നു .

14 അധ്യായങ്ങളുള്ള ഈ പുസ്തകത്തിന്റെ ആദ്യ രണ്ടുമൂന്ന് അധ്യായങ്ങളിൽ കൃത്യമായ സാമ്പത്തിക ആസൂത്രണത്തിന് എങ്ങനെ തയ്യാറെടുക്കണം എന്ന് പറയുന്നു.

സമ്പാദ്യവും നിക്ഷേപവും (Savings and Investment) രണ്ട് വ്യത്യസ്ത രീതിയിലാണ് നടക്കേണ്ടത് എന്ന് ആദ്യം തന്നെ പറയുന്നു. അവർ പ്രധാനമായും മുന്നോട്ടു വെക്കുന്ന ആശയം ഇതാണ് : ശമ്പളം വാങ്ങുന്ന ആൾക്ക് പ്രധാനമായും മൂന്നു അക്കൗണ്ടുകളാണ് ഉണ്ടായിരിക്കേണ്ടത്.

1 . ശമ്പളം വരാനുള്ള സാലറി അക്കൗണ്ട്
അതായത് Income account
2. ചെലവാക്കാനുള്ള spent It account
3 . നിക്ഷേപം നടത്താനുള്ള Invest It
account

മാസ ശമ്പളം വാങ്ങുന്ന ഒരാൾ അയാളുടെ അക്കൗണ്ടിൽ നിന്ന് ചിലവുകൾ നടത്തിയതിന് ശേഷം ബാക്കി വരുന്ന തുക ആരുടെയൊക്കെയോ നിർബന്ധപ്രകാരം നിക്ഷേപം നടത്തുന്നത് മൂലമാണ് പലരുടെയും നിക്ഷേപത്തിന് അർഹമായ ലാഭം കിട്ടാത്തത്. ഇപ്പോഴത്തെ Buyers be aware എന്ന concept പ്രകാരം നിക്ഷേപത്തിന് പൂർണ്ണ ഉത്തരവാദിത്വം നിക്ഷേപം നടത്തുന്ന ആൾക്കാണ്. അയാളാണ് നിക്ഷേപ സ്കീമുകെളകുറിച്ച് അറിയേണ്ടത്. അതിനാലാണ് മൂന്ന് പ്രത്യേക അക്കൗണ്ടുകൾ ശുപാർശ ചെയ്യുന്നത്.

നമ്മുടെ മൂന്ന് നാല് മാസത്തെ ചെലവുകളെ കുറിച്ച് വിശദമായി വിലയിരുത്തിയാൽ ഓരോ മാസവും പ്രതീക്ഷിക്കുന്ന ചെലവുകൾ മനസ്സിലാക്കാൻ സാധിക്കും. എഴുത്തുകാരിയുടെ അഭിപ്രായത്തിൽ ശമ്പളം വന്ന 30 സെക്കൻഡുകൾക്കുള്ളിൽ (ഏറിയാൽ 30 മിനിറ്റ്) ഈ തുക മറ്റ് രണ്ടു അക്കൗണ്ടിലേക്കു മാറ്റണം എന്നാണ് പറയുന്നത്.

തുടർന്നുള്ള അദ്ധ്യായങ്ങളിൽ Invest It അക്കൗണ്ടിന്റെ കൃത്യമായ ഉപയോഗത്തെ കുറിച്ചാണ് പറയുന്നത്

ആദ്യമായി വേണ്ടത് ഒരു എമർജൻസി ഫണ്ട് (ഏതെങ്കിലും അത്യാവശ്യം വന്നാൽ ഉപയോഗിക്കാൻ വേണ്ട പണം) നമ്മൾ കരുതിവയ്ക്കണം . സാധാരണ രീതിയിൽ ഈ അത്യാവശ്യങ്ങൾ ഒരിക്കലും മാസ ചിലവിന്റെ ആറ് ഇരട്ടിയിൽ അധികം വരാറില്ല. അതിനാൽ ഇത്രയും തുക Easy liquidity ഉള്ള ഒരു ഫണ്ടിലേക്ക് (ഉദാഹരണം ഫിക്സഡ് ഡിപ്പോസിറ്റ് ) സൂക്ഷിക്കണം. പിന്നീട് ഹെൽത്ത് ഇൻഷുറൻസ് Term ഇൻഷുറൻസ് എന്നീ ഇൻവെസ്റ്റ്മെന്റിന്റെ ആവശ്യകതയാണ്. അതിനുശേഷം വരുന്ന തുകയാണ് നമ്മൾക്ക് കൃത്യമായ ഇൻവെസ്റ്റ് ചെയ്യാൻ വേണ്ടി ഉപയോഗിക്കാവുന്നത്. ഈ അദ്ധ്യായങ്ങളിൽ നിലവിലുള്ള എല്ലാ വിധ നിക്ഷേപ മാർഗ്ഗങ്ങളെക്കുറിച്ചും അതിന്റെ ഗുണത്തെയും ദോഷത്തെ കുറിച്ചും കൃത്യമായി വിശദീകരിക്കുന്നു.

ഗോൾഡ്, ലാൻഡ് , റിയൽഎസ്റ്റേറ്റ്, ഷെയർ മാർക്കറ്റ് എന്നിവ എല്ലാം ഇതിൽ പെടും. ഈ ഭാഗത്ത് വായനക്കാരന് ചിലപ്പോൾ എഴുത്തുകാരിയുമായി അല്പം അഭിപ്രായ വൈരുധ്യം അനുഭവപ്പെട്ടേക്കാം. കാരണം ഗോൾഡ്, ലാൻഡ് എന്നിവ പലർക്കും സമ്പാദ്യത്തെക്കാൾ ഏറെ മാനസിക സന്തോഷവും സാമൂഹിക സൗഭാഗ്യങ്ങളും തരുന്ന ഒന്നാണല്ലോ.

തുടർന്നുള്ള കുറച്ച് അധ്യായങ്ങളിൽ എഴുത്തുകാരിയുടെ തന്നെ പ്രവർത്തന മേഖലകളിൽ ഒന്നായ ഓഹരിവിപണിയുടെ (She is a member of SEBI's Mutual Fund Advisory Committee) നിക്ഷേപ സാധ്യതകളെക്കുറിച്ചും അതിന്റെ പ്രവർത്തനത്തെക്കുറിച്ചും അതുമൂലമുണ്ടാകുന്ന നേട്ടങ്ങളെ കുറിച്ചും, എങ്ങനെ അവയിൽ നിക്ഷേപം നടത്തണം എന്നും വിശദമായി പറയുന്നു .

റിട്ടയർമെന്റ് പ്ലാനിങ്ങിനെ കുറിച്ച് Will (ഒസ്യത്ത്) എങ്ങനെ തയ്യാറാകണമെന്നും അതിന്റെ ആവശ്യകതയെകുറിച്ചും മറ്റും പറഞ്ഞു കൊണ്ടാണ് പുസ്തകം അവസാനിപ്പിക്കുന്നത്.

വളരെ ലളിതമായ ഇംഗ്ലീഷ് ഭാഷയിൽ എഴുതിയിരിക്കുന്ന ഈ പുസ്തകം , നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന എല്ലാവർക്കും വേണ്ടിയുള്ള അടിസ്ഥാന അറിവുകൾ പകർന്നു നൽകുന്നു. ഓരോ അധ്യായത്തിലും മുൻ കുറിപ്പുകൾ, അതിന്റെ അവസാനഭാഗത്ത് സംഗ്രഹം എന്നിവ കൊടുക്കുകയും ചെയ്യതുകൊണ്ട് കാര്യങ്ങൾ വളരെ എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിലാണ് എഴുതിയിരിക്കുന്നത് . ഇത് സാമ്പത്തിക രംഗത്ത് പ്രവർത്തിക്കുന്നവർ അവശ്യം വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ് എന്ന് നിസ്സംശയം പറയാം .

Nandan Nilekani അവതാരിക എഴുതിയിരിക്കുന്ന ഈ പുസ്തകത്തിന്റെ പ്രസാധകർ ഹാർപ്പർ കോളിൻസ് പബ്ലിഷർ ആണ്. 213 പേജുള്ള ഈ പുസ്തകത്തിന്റെ വില 399 രൂപയാണ്. ഫ്ളിപ്കാർട്ട് ആമസോൺ എന്നിവയിൽ കൂടി 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാണ്